# മെത്രാപ്പോലീത്തായുടെ കത്ത്



**(ജൂൺ 2016)**

**കർത്താവിൽ പ്രിയരേ,**

ആദരണീയനായ നമ്മുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി നേതൃത്വം നൽകുന്ന കേന്ദ്ര മന്ത്രി സഭ രണ്ട് സംവത്സരങ്ങൾ പിന്നിട്ട് മൂന്നാം വർഷത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. ഭാരതത്തിന്റെ സമുന്നതമായ സംസ്കാരം പ്രദാനം ചെയ്യുന്ന ജനാധിപത്യത്തിലും സ്വാതന്ത്ര്യത്തിലും, മതനിരപേക്ഷതയിലും, അടിസ്ഥാനപ്പെട്ട ഒരു ഭരണം നിർവ്വഹിച്ച് രാഷ്ട്ര പുരോഗതി ഉറപ്പാക്കുവാനും, രാഷ്ട്രത്തിന്റെ അഭിമാനം ലോക രാഷ്ട്രങ്ങൾക്കിടയിൽ ഉയർത്തിപ്പിടിക്കുവാനും ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കേരളവും ഒരു പുതിയ കാലഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. കഴിഞ്ഞകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ കെട്ടുറപ്പുള്ള ഒരു ഭരണപക്ഷത്തെ ജനവിധിയിലൂടെ തെരഞ്ഞെടുത്ത് കേരള ജനത അധികാരത്തിലേറ്റിയിരിക്കുന്നു. ജനനന്മയ്ക്കുവേണ്ടി സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി, സകലവിധ വിഭാഗീയതകളെയും അതിജീവിച്ച് സുസ്ഥിര ഭരണത്തിലൂടെ, പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ പാലിച്ച് അഴിമതി രഹിത ഭരണം കാഴ്ച വയ്ക്കുവാൻ ബഹുമാനപ്പെട്ട ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന മന്ത്രി സഭയ്ക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു. വ്യക്തമായ ഭൂരിപക്ഷം ഇല്ലാതെ ചെറിയ ഘടക കക്ഷികളുടെ പോലും വിധേയത്വത്തിൽ ഒരു സർക്കാരിനും അഴിമതി രഹിത ഭരണം കാഴ്ചവയ്ക്കുവാൻ കഴിയുകയില്ല എന്നതിന്റെ ഉറച്ച ദൃഷ്ടാന്തങ്ങളാണ് കഴിഞ്ഞ യു. പി. എ. ഗവർമെന്റും ഇപ്പോൾ കാലാവധിപൂർത്തിയാക്കിയെങ്കിലും അധികാരം വിട്ട് ഒഴിയേണ്ടി വന്ന സംസ്ഥാന ഗവർണ്മെന്റും. ഇത്തരം സാഹചര്യങ്ങളിൽ സുദൃഢമായ തീരുമാനങ്ങൾ എടുത്ത് സധൈര്യം മുന്നോട്ടു പോകുവാൻ ഏതൊരു പ്രധാനമന്ത്രിക്കായാലും, മുഖ്യമന്ത്രിയ്ക്കായാലും, ഏത് മന്ത്രിസഭയ്ക്കായാലും സാധിക്കുകയില്ല എന്നത് ചരിത്രം നൽകുന്ന ഒരു പാഠമാണ്. എന്നാൽ സുദൃഢവും, സുസ്ഥിരവുമായുള്ള ഒരു ഭരണം കാഴ്ചവയ്ക്കുവാനുള്ള വ്യക്തമായ ഒരു ഭൂരിപക്ഷത്തോടുകൂടിയാണ് പ്രിയപ്പെട്ട ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരത്തിൽ ഏറിയത് എന്നത് പ്രതീക്ഷാനിർഭരമായ ഒരു വസ്തുതയാണ്. മാർത്തോമ്മാ സഭാംഗങ്ങളായ അഡ്വ. മാത്യു റ്റി. തോമസ്, ശ്രീ. തോമസ് ചാണ്ടി എന്നിവർ നിയമസഭാംഗങ്ങളായി തെരഞ്ഞെടുക്കപ്പെടുകയും അഡ്വ. മാത്യു റ്റി. തോമസ് മന്ത്രിസഭാംഗമായി നിയോഗിക്കപ്പെടുകയും ചെയ്തു എന്നത് നമ്മുടെ സഭയ്ക്ക് അഭിമാനകരമത്രെ. സഭയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും, മന്ത്രിസഭാംഗങ്ങൾക്കും, ശ്രേഷ്ഠമായൊരു ഭരണം കാഴ്ചവയ്ക്കുവാൻ കഴിയട്ടെ എന്ന് ആശംസി ക്കുന്നു; അഭിനന്ദനങ്ങൾ അറിയിക്കുന്നു.

സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ ദൃശ്യമായ ചില പ്രവണതകൾ ഒരു ജനാധിപത്യ രാഷ്ട്രത്തിന്റെ ഭാവിയെ സംബന്ധിച്ച് ശുഭകരമായിരുന്നില്ല എന്ന് പറയേണ്ടിവരുന്നതിൽ അതീവ ദുഃഖമുണ്ട്. ജനങ്ങളുടെ ഇടയിൽ വിഭാഗീയത സൃഷ്ടിക്കുന്ന പ്രവണതകൾ ആരുടെ ഭാഗത്ത് നിന്ന് ഉണ്ടായാലും അത് ആശങ്കാകുലമാണ്; ആയതിന് സഭയോ മതമേലദ്ധ്യക്ഷന്മാരോ വിശിഷ്യാ തെരഞ്ഞെടുപ്പ് കാലത്ത് പ്രത്യക്ഷമായോ പരോക്ഷമായോ പ്രേരണകൾ നൽകുന്നത് ഒട്ടും അഭിലഷണീയമല്ല. കഴിഞ്ഞ നിയമസഭാ സമ്മേളനങ്ങൾ പലരീതിയിൽ അലങ്കോലപ്പെടുത്തിയ പലരെയും ജനം ഈ തെരഞ്ഞെടുപ്പിൽ തിരസ്ക്കരിച്ചു എന്നുള്ളത് ജനാധിപത്യത്തിന്റെ തന്നെ ഒരു വിജയമായാണ് നാം കാണേണ്ടുന്നത്. പുതിയ സംസ്ഥാന സർക്കാർ പഴയ സർക്കാരിന്റെ വീഴ്ചകളെക്കുറിച്ചും പാളിച്ചകളെക്കുറിച്ചും അന്വേഷണം നടത്തി കാലാവധി പൂർത്തീകരിക്കുവാൻ ശ്രമിക്കുന്നതിനു പകരം പാളിച്ചകൾ വന്ന് ഭവിക്കാതെയും, അനുഭവങ്ങളിൽ നിന്നും പാഠങ്ങൾ പഠിച്ചും പൊതുജനക്ഷേമം മുൻനിർത്തിയുള്ള സൽഭരണം കാഴ്ചവയ്ക്കുവാൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മാർത്തോമ്മാ സഭയുടെ അഭിമാനമായ അഭി. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ ജന്മദിനം 2016 ഏപ്രിൽ 27-ാം തീയതി സഭയുടെ ക്രമീകരണപ്രകാരം സമുചിതമായി ആചരിക്കുവാൻ കഴിഞ്ഞതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. അന്നേ ദിവസം രാവിലെ തിരുവല്ലാ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ നടന്ന വിശുദ്ധ കുർബാനയ്ക്ക് ശേഷം ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ ആദരണീയനായ കേരള ഗവർണർ ജസ്റ്റിസ് ശ്രീ. പി. സദാശിവം മുഖ്യാതിഥിയായി പങ്കെടുത്തത് വളരെ ഹൃദ്യമായ ഒരു അനുഭവമായിരുന്നു. അന്നേ ദിവസം അദ്ദേഹത്തിന്റെ കൂടി ജന്മദിനമായിരുന്നു എന്നുള്ളത് ആ ഹൃദ്യതയെ ഇരട്ടി മധുരമുള്ളതാക്കുന്നു. അവരുടെ ജന്മദിനം സഭയ്ക്ക് ഒരുമിച്ച് ആചരിക്കുവാൻ കഴിഞ്ഞത് ഏറെ ധന്യമായ ഒരു അപൂർവ്വ അനുഭവം തന്നെയായിരുന്നു. വലിയ മെത്രാപ്പോലീത്തായുടെ ജന്മദിനം 1918 ഏപ്രിൽ 27 ഉം; ഗവർണർ ജസ്റ്റിസ് ശ്രീ. പി. സദാശിവത്തിന്റെ ജന്മദിനം 1949 ഏപ്രിൽ 27 ഉം ആണ്. ഈ ജന്മദിനാചാരണം അഭിനന്ദനാർഹമായ രീതിയിൽ ക്രമീകരിക്കുന്നതിൽ വ്യാപരിച്ചതായ ദൈവകൃപയ്ക്ക് സ്തോത്രം കരേറ്റുന്നു; ഒപ്പം ക്രമീകരണങ്ങളിൽ നേതൃത്വം വഹിച്ചും സഹകരിച്ചും അനുഗ്രഹപ്രദമാക്കിയ ഏവരോടുമുള്ള അഭിനന്ദനം അറിയിക്കുന്നു.

കഴിഞ്ഞ ദിവസം നാം ഡൽഹിയിലായിരുന്നപ്പോൾ ആദരണീയനായ ലോകസഭാ മുൻപ്രതിപക്ഷ നേതാവ് ശ്രീ. എൽ. കെ. അദ്വാനിയെ സന്ദർശിക്കുകയുണ്ടായി. സമീപകാലത്താണ് അദ്ദേഹത്തിന്റെ സഹധർമ്മിണി

നിര്യാതയായത്. ആ വേർപാടിന്റെ ദുഃഖത്തിലായിരുന്ന അദ്ദേഹത്തെയും, കുടുംബത്തെയും ആശ്വസിപ്പിക്കുകയും, അനുശോചനം അറിയിക്കുകയു ചെയ്തു. വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ നവതി ആഘോഷം സഭയുടെ ആഭിമുഖ്യത്തിൽ കോട്ടയത്ത് വച്ച് നടന്നപ്പോൾ അതിൽ വന്ന് സംബന്ധിച്ച കാര്യം ഈ സന്ദർഭത്തിൽ പ്രത്യേകം എടുത്ത് പറയുകയുണ്ടായി. 2017 അദ്ദേഹത്തിന്റെ നവതി വർഷമാണ്. വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ ജന്മശതാബ്ദി വർഷം കൂടിയാണ് അത്. ഈശ്വരാനുഗ്രഹം ഉണ്ടായാൽ വലിയ തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷത്തിൽ വന്ന് പങ്കെടുക്കുവാനുള്ള അദ്ദേഹത്തിന്റെ താത്പര്യവും ഈ സന്ദർശനവേളയിൽ പ്രകടിപ്പിക്കുകയുണ്ടായി.

മെയ് ആദ്യ രണ്ടാഴ്ചകൾ അമേരിക്കൻ ഭദ്രാസനത്തിന്റെ വിവിധ ഇടവകകൾ സന്ദർശിക്കുകയുണ്ടായി. ഡള്ളസ് ഫാർമേഴ്സ് ബ്രാഞ്ച് ഇടവകയുടെ രണ്ടാം ഘട്ട നിർമ്മാണത്തിന്റെ പൂർത്തീകരണം വളരെ അനുഗ്രഹകരമായ രീതിയിൽ നടക്കുകയുണ്ടായി. രണ്ടാം ഘട്ട നിർമ്മിതിയുടെ കൂദാശ നാം അവിടെ നിർവ്വഹിക്കുകയുണ്ടായി. പത്ത് മില്യൻ ഡോളർ അതിനുവേണ്ടി സമാഹരിക്കുകയും, കൃപയോടുകൂടി ചെലവഴിക്കുകയും, സണ്ടേസ്ക്കൂൾ കുട്ടികൾ മുതൽ വയോജനങ്ങൾക്ക് വരെ പ്രയോജനകരമാംവിധം സൃഷ്ടിപരമായ പരിപാടികൾ ഇടവകയായി ക്രമീകരിക്കുകയും ചെയ്തതിലുള്ള അഭിനന്ദനം അറിയിക്കുന്നു. ഈ നിർമ്മിതിയുടെ പ്രാരംഭ കാലഘട്ടത്തിൽ വികാരിയായിരുന്ന റവ. ജോസ് സി. ജോസഫ് അച്ചനും, ഇപ്പോൾ വികാരിയായിരിക്കുന്ന പി. സി. സജി അച്ചനും, അസിസ്റ്റന്റ് വികാരി റവ. മാത്യു സാമുവേൽ അച്ചനും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. തുടർന്ന് കനേഡിയൻ മാർത്തോമ്മാ ഇടവക വാങ്ങിയതായ നഗര മധ്യത്തിലുള്ള അതിമനോഹരമായ സ്ഥലം സന്ദർശിക്കുന്നതിനും, ദൈവാലയ നിർമ്മാണത്തിനുള്ള ശിലാസ്ഥാപനം നിർവ്വഹിക്കുന്നതിനും, അവസരം ലഭിച്ചു. ഒരു വർഷത്തിനകം ദൈവാലയ നിർമ്മാണം പൂർത്തീകരിക്കുന്നതിനാണ് ആഗ്രഹിക്കുന്നത്. നേതൃത്വം നൽകുന്ന റവ. ഷിബു ശാമുവേൽ അച്ചനും ചുമതലക്കാർക്കും ആശംസകൾ നേരുന്നു. തുടർന്ന് സിംലായിൽ വച്ച് നടന്ന സി. എസ്. ഐ., സി. എൻ. ഐ., മാർത്തോമ്മാ സഭകളുടെ എക്സിക്യൂട്ടീവ് സമ്മേളനത്തിലും, ബിഷപ്പ്സ് കൗൺസിലിലും മെയ് 21, 22, 23 തീയതികളിൽ പങ്കെടുത്തു. മാർത്തോമ്മാ സഭയുടെ പ്രതിനിധി സംഘം ഡൽഹിയിൽ നിന്നും ടെംപോ വാനിൽ ഒരു പകൽ സമയം മുഴുവൻ യാത്ര ചെയ്താണ് അവിടെ എത്തിച്ചേർന്നത്. Together Towards fullness of Life: Pilgrimage of Justice and Peace എന്നതായിരുന്നു മുഖ്യ ചിന്താവിഷയം.

എൻ. സി. സി. ഐ., യുടെ അസംബ്ലി നാഗ്പൂരിൽ വച്ച് നടക്കുകയുണ്ടായി. പുതിയ ടേമിലേക്കുള്ള ഭാരവാഹികളെ ഈ അസംബ്ലിയിൽ വച്ചാണ് തെരഞ്ഞെടുത്തത്. നമ്മുടെ സഭയ്ക്ക് അഭിമാനകരമായ വിധത്തിൽ വൈസ് പ്രസിഡന്റായി ശ്രീമതി. ഏലിയാമ്മ തോമസ് (ലീനാ) ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. ആദ്യമായിട്ടാണ് ഒരു വനിത ഉപാദ്ധ്യക്ഷ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്; അത് ഒരു മാർത്തോമ്മാ സഭാംഗമായതിൽ നാം പ്രത്യേകം അഭിമാനിക്കുന്നു. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്ക്കോപ്പാ തിരുമേനിയും മുംബൈയിൽ നിന്നുള്ള സഭാ കൗൺസിൽ അംഗം ശ്രീമതി ആനി കോശിയും എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. സഭയ്ക്ക് ലഭിച്ച ഈ അംഗീകാരങ്ങൾക്കായി ദൈവത്തെ സ്തുതിക്കുന്നു. എക്യുമിനിക്കൽ പ്രവർത്തന രംഗത്ത് കൂടുതൽ ഊർജ്ജ സ്വലതയോടെ പ്രവർത്തിക്കുവാൻ വരും നാളുകളിൽ കൂടുതൽ ദൈവകൃപ ലഭിക്കേണ്ടുന്നതിനായി പ്രാർത്ഥിക്കുന്നു. മദ്ധ്യപ്രദേശ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉജ്ജയിനിൽ വച്ച് നടന്ന സർവ്വമത സമ്മേളനത്തിലും, ഡബ്ല്യു. സി. സി. യുടെ ആഭിമുഖ്യത്തിൽ നെതർലണ്ടിൽ വച്ച് നടന്ന ഓയിക്കോ ക്രെഡിറ്റിന്റെ വാർഷിക സമ്മേളനത്തിലും പങ്കെടുക്കുവാൻ ക്ഷണം ലഭിച്ചിരുന്നെങ്കിലും സമയ പരിമിതിമൂലം പങ്കെടുക്കുവാൻ സാധിച്ചില്ല. ഡബ്ല്യൂ. സി. സി. സമ്മേളനത്തിൽ റവ. ജെയിംസൺ കെ. യെ പങ്കെടുക്കുവാൻ നിയോഗിക്കുകയുണ്ടായി.

ഇക്കഴിഞ്ഞ അധ്യയന വർഷത്തിലെ എസ്. എസ്. എൽ. സി.,യുടെയും, പ്ലസ് ടുവിന്റെയും, പരീക്ഷാ ഫലം വന്നപ്പോൾ മാർത്തോമ്മാ സഭയുടെ സ്കൂളുകൾക്ക് അഭിമാനകരമായ വിജയം നേടുവാൻ കഴിഞ്ഞു എന്നതിൽ വളരെയധികം സന്തോഷമുണ്ട്. നമ്മുടെ 15 ഹൈസ്ക്കൂളുകളിൽ 9 സ്ക്കൂളുകൾക്കും 100% വിജയം നേടുവാൻ സാധിച്ചു. പ്ലസ് ടു പരീക്ഷയിൽ നമ്മുടെ പത്തനംതിട്ട മാർത്തോമ്മാ ഹയർ സെക്കണ്ടറി സ്ക്കൂൾ 97.2% വിജയം നേടി മാർത്തോമ്മാ മാനേജ്മെന്റ് സ്ക്കൂളുകളുടെ ശ്രേണിയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. തിരുവല്ലാ എസ്. സി. എസ്. ഹയർ സെക്കണ്ടറി സ്ക്കൂളിലെ കുമാരി ജ്യോതിസ് സൂസൻ ജോർജ്ജ് കൊമേഴ്സ് വിഭാഗത്തിൽ 1200/1200 മാർക്ക് വാങ്ങി അഭിമാനകരമായ വിജയം നേടി എന്നുള്ളത് എടുത്ത് പറയത്തക്കതത്രെ. മാനേജ്മെന്റിലെ സ്ക്കൂളുകളുടെ റിസൾട്ടിൽ പ്രതിഫലിച്ച ഉന്നതമായ നിലവാരത്തിന്റെ പിന്നിൽ നേതൃത്വം നൽകുകയും, അദ്ധ്വാനിക്കുകയും ചെയ്ത സ്ക്കൂളുകളുടെ പ്രിൻസിപ്പൽമാരെയും പ്രഥമ അദ്ധ്യാപകരെയും അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും വിശേഷിച്ചും എല്ലാവിധമായ കരുതലും, പ്രോത്സാഹനവും നൽകി പ്രചോദനമേകുന്ന കോർപറേറ്റ് മാനേജർ ഡോ. സൂസമ്മ മാത്യുവിനെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഐ. സി. എസ്. ഇ., ഐ. എസ്. സി. പരീക്ഷകളിൽ തിരുവല്ല മാർത്തോമ്മാ റെസിഡൻഷ്യൽ സ്ക്കൂൾ 100% വിജയം കരസ്ഥമാക്കി എന്നതും പ്രത്യേകം അഭിനന്ദനാർഹമത്രെ. നമ്മുടെ ഇടവകകളുടെ ചുമതലയിൽ ഉള്ള സ്കൂളുകൾക്കും ഉന്നത നിലവാരം പുലർത്തുവാൻ സാധിച്ചു. കാസർഗോഡ് ബധിര മൂക വിദ്യാലയം എസ്. എസ്. എൽ. സി., പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കി. പ്ലസ് ടു പരീക്ഷയിൽ 85.7% വിജയം ലഭിച്ചു. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനകളെ ആകെ പരിഗണിക്കുമ്പോൾ റിസൾട്ടിലും മറ്റ് പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും ഒരു പുത്തൻ ഉണർവ്വ് കൈവരിക്കുവാനും, ഉന്നതമായ ഒരു നിലവാരം നേടിയെടുക്കുവാനും ഇക്കഴിഞ്ഞ അദ്ധ്യയന വർഷം കഴിഞ്ഞു എന്നത് അഭിനന്ദനാർഹമായ ഒരു വസ്തുത അത്രെ. ഇതിന്റെ പിന്നിൽ അദ്ധ്വാനിച്ച ഏവരോടുമുള്ള അഭിനന്ദനം അറിയിക്കുന്നു. സ്വാശ്രയമേഖലയിൽ ഒരു പുതിയ ഡിഗ്രി കോളേജ് ആരംഭിക്കുന്നതിനുള്ള ആലോചനകൾ നടന്നു വരികയാണ്. കോഴഞ്ചേരി ഐ.ടി.ഐയ്ക്കുവേണ്ടി നിർമ്മിച്ച കെട്ടിടങ്ങൾ ഗവർൺമെന്റിൽ നിന്നും അനുവാദം ലഭിച്ചാൽ ഡിഗ്രി കോളേജിനായി ഉപയോഗപ്പെടുത്താം എന്നാണ് ആശിക്കുന്നത്. അങ്ങനെ അനുവാദം ലഭിക്കുന്ന പക്ഷം വലിയ മൂലധന നിക്ഷേപം കൂടാതെ തന്നെ കോളേജ് ആരംഭിക്കു ന്നതിന് സാധിക്കും എന്ന് വിശ്വസിക്കുന്നു.

കഠിനമായ ചൂടിന്റെ കാലാവസ്ഥ പിന്നിട്ട് ആഗതമായ വേനൽ മഴ നമ്മുടെ നാടിന് വലിയ ആശ്വാസത്തിന്റെ ഒരു കുളിർമ്മയാണ് പകർന്നു നൽകിയത്. അനുഗൃഹീതമായ ഒരു കാലവർഷം ലഭിച്ചാൽ ആയത് നമ്മുടെ പുഴകൾക്കും നദികൾക്കും കുളങ്ങൾക്കും കിണറുകൾക്കും അവയിലെ ആവസ വ്യവസ്ഥകൾക്കും അവയെ ആശ്രയിച്ചു കഴിയുന്ന സമസ്ത ജനങ്ങൾക്കും ജീവന്റെ നിറവ് ലഭ്യമാകുകയും ചെയ്യും എന്ന് പ്രത്യാശിക്കുന്നു.

നാം ജൂൺ മാസത്തിലേക്ക് പ്രവേശിക്കുമ്പോൾ യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭം എന്ന ചിന്താവിഷയമാണ് ജൂൺ 5 ഞായറാഴ്ച നാം ധ്യാനിക്കുന്നത്. ജൂൺ 12-ാം തീയതി ദൈവസൃഷ്ടിയുടെ പരിപാലനം എന്ന വിഷയത്തെ ആധാരമാക്കി പരിസ്ഥിതിദിന ചിന്തകൾ നാം പങ്കുവയ്ക്കുന്നു. ജൂൺ 5 വിദ്യാലയ വർഷാരംഭ ദിനവും, വൈദീക ദിനവുമാണ്. ജൂൺ 1-ാം തീയതിയോടുകൂടി അനേക ലക്ഷം കുഞ്ഞുങ്ങളാണ് തങ്ങളുടെ ജീവിതത്തിന്റെ ഭാവി മെച്ചപ്പെടുത്തുന്നതിനായി വിദ്യാലയങ്ങളിലേക്ക് നീങ്ങുന്നത്. മൂല്യാധിഷ്ഠിതവും, ധാർമ്മീകവുമായ ഒരു വിദ്യാഭ്യാസ ദർശനത്തിലൂടെയാണ് ജീവിതത്തിന് ഒരു ദർശനം കൈവരുന്നത്. യേശുവിന്റെ ജീവിതത്തിൽ ജ്ഞാനത്തിലും വളർച്ചയിലും മുതിർന്ന് വരുന്നതിൽ മാതാപിതാക്കളും, ഭവനവും, നസ്രേത്ത് എന്ന ഭൂമികയും വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പ്രാഥമിക വിദ്യാഭ്യാസം മുതൽ വ്യക്തമായ ദിശാബോധവും, കാലാനുസൃതമായ അറിവും നൽകിയാൽ മാത്രമെ വിദ്യാർത്ഥികളുടെ ഭാവിയും അവരിലൂടെ രൂപപ്പെടുന്ന സമൂഹത്തിന്റെ ഭാവിയും ശോഭനമാകുകയുള്ളു. ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തെക്കുറിച്ചും പരിസ്ഥിതിയുടെ പരിരക്ഷണത്തെക്കുറിച്ചും ബാല്യംമുതൽക്കെ കുട്ടികളിൽ വ്യക്തമായ അവബോധം സൃഷ്ടിക്കപ്പെടണം. പുതിയ അദ്ധ്യയന വർഷം അറിവിന്റെ വിരുന്നുണ്ണുവാൻ ആദ്യമായി വിദ്യാലയങ്ങളിൽ എത്തുന്ന കുഞ്ഞുങ്ങളെയും വിദ്യാഭ്യാസ പ്രക്രിയയിൽ പുതിയ ഒരു സംവത്സരത്തിലേക്ക് പദമൂന്നുന്ന വിദ്യാർത്ഥികളെയും ദൈവകരങ്ങളിൽ ഭരമേൽപ്പിച്ച് നമുക്ക് പ്രാർത്ഥിക്കാം. പുതിയ അദ്ധ്യയന വർഷം ഒരു മാതൃകാ അദ്ധ്യയന വർഷമായിത്തീരുവാൻ ഇടയായിത്തീരട്ടെ എന്ന് ആശംസിക്കുന്നു.

ജൂൺ 16-ാം തീയതി ശ്ലീഹാ നോമ്പ് ആരംഭിക്കുന്നു. 19-ാം തീയതി ഞായറാഴ്ച അയക്കപ്പെടുവാനുള്ള വിളി എന്നതാണ് ചിന്താവിഷയം. കർത്താവ് തന്റെ ശിഷ്യഗണത്തിലേക്ക് പത്രൊസിനെ വിളിക്കുമ്പോൾ അവൻ തന്റെ അദ്ധ്വാന മേഖലയിലായിരുന്നു. എന്നാൽ മീൻ പിടിക്കുവാനായി രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും പത്രൊസിനും, കൂട്ടാളികൾക്കും ഒന്നും കിട്ടിയില്ല എന്ന ഫലശൂന്യതയുടെ നിരാശയിൽ പ്രയത്നം മതിയാക്കി പത്രൊസും കൂട്ടരും വല കഴുകി തിരികെ മടങ്ങുന്നതിനുള്ള തയ്യാറെടുപ്പിലായിരുന്നു. എന്നാൽ പത്രൊസിന്റെ പടകിൽ യേശു കയറുകയും, പടക് അൽപ്പം നീക്കേണം എന്ന് അപേക്ഷിക്കുകയും ചെയ്തപ്പോൾ പത്രൊസ് ആ അപേക്ഷ ശിരസ്സാവഹിച്ചു പടക് കടലിലേക്ക് അൽപ്പം നീക്കി. യേശു ആ പടക് വചന ശുശ്രൂഷയ്ക്കായുള്ള വചന പീഠമായി ഉപയോഗപ്പെടുത്തി. വചന ശുശ്രൂഷയ്ക്ക് ശേഷം ആഴത്തിലേക്ക് നീക്കി മീൻപിടിത്തത്തിന് വല ഇറക്കുവിൻ എന്ന് യേശു പറഞ്ഞപ്പോൾ ജോലിഭാരത്തിന്റെ ക്ഷീണവും, നിഷ്ഫലതയുടെ നിരാശയും ഘനീഭവിച്ചിരുന്ന മനസ്സ് വചനത്തിലൂടെ ലഭിച്ച ആന്തരീക പ്രചോദനത്താൽ അത് അനുസരിക്കുവാൻ പത്രൊസ് തയ്യാറായി. തന്മൂലം അവന്റെ വലയും നിറഞ്ഞു; മനസ്സും നിറഞ്ഞു. നിരാശയുടെ ശൂന്യതയെ നിറയ്ക്കുന്ന ദൈവീക കടാക്ഷം അവന്റെ ഉപജീവനത്തിന്റെ വലയല്ല; മറിച്ച് അസ്തിത്വത്തെക്കുറിച്ചുള്ള ആശങ്കകളുടെ ശൂന്യതയെയാണ് നിറവാക്കി മാറ്റിയത്. ഈ പത്രൊസിനെ തുടർന്ന് യേശു മനുഷ്യരെ പിടിക്കുവാൻ പ്രാപ്തിയുള്ള ശിഷ്യനാക്കി മാറ്റുന്ന കാഴചയാണ് നാം കാണുന്നത്. യേശുവിനാൽ വിളിക്കപ്പെടുന്നവരും, യേശുവിനാൽ അയക്കപ്പെടുന്നവരും, യേശുവിനോടൊപ്പം വിളിയും തെരഞ്ഞെടുപ്പും അനുദിന ജീവിതാനുഭവമാക്കി മാറ്റുന്നവരുമാണ് യേശുവിന്റെ യഥാർത്ഥ ശിഷ്യന്മാർ.

ജൂൺ 26-ാം തീയതി ഞായറാഴ്ച ക്രിസ്തുവിന്റെ ആട്ടിൻകൂട്ടമായ ദൈവജനത്തെക്കുറിച്ചാണ് നാം ധ്യാനിക്കുന്നത്. യേശു നമ്മെ വിളിക്കുന്നത് തന്റെ ക്രൂശ് എടുത്ത് തന്നെ അനുഗമിക്കുന്നതിനാണ്. അപ്രകാരം നിയോഗം ഏറ്റുവാങ്ങുന്നവർ ക്രിസ്തുവിന്റെ ആട്ടിൻ കൂട്ടമായി മാറുകയാണ്. ആട്ടിൻ കൂട്ടത്തെ ഇടയൻ നയിക്കുമ്പോൾ ഇടയൻ മുമ്പിലും, ആട്ടിൻ കൂട്ടം പിറകിലുമായാണ് സഞ്ചരിക്കുന്നത്. ഇടയൻ വഴിയായി മാറുമ്പോൾ ആട്ടിൻകൂട്ടവും അതേ വഴിയിലൂടെ സഞ്ചരിക്കുകയാണ്. ഇതത്രെ ഏറ്റവും ഉദാത്തവും, അനുകരണീയവുമായ ജീവിതശൈലി. ജൂൺ 29 ബുധനാഴ്ച ശ്ലീഹാ നോമ്പുവീടൽ ദിനമാണ്. പത്രൊസ്-പൗലൊസ് ശ്ലീഹന്മാരുടെ തിരുനാളായി സഭ ആ ദിനം ആചരിക്കുന്നു. മുൻകാലങ്ങളിൽ പത്രൊസ്-പൗലൊസ് ശ്ലീഹന്മാരുടെ നാളായ ജൂൺ 29 ആയിരുന്നു സഭയിൽ ശെമ്മാശ് സ്ഥാനത്തേക്ക് നിയോഗാർത്ഥികളെ പ്രവേശിപ്പിച്ചിരുന്നത്. 1957 ജൂൺ 29 -ാം തീയതി ഡോ. യൂഹാനോൻ മാർത്തോമ്മാ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ മാത്യൂസ് മാർ അത്തനാസ്യോസ് എപ്പിസ്ക്കോപ്പാ തിരുമേനി നമ്മെ കരം പിടിച്ച് ശെമ്മാശ് ആയി ഉയർത്തിയത് സഭാശുശ്രൂഷയിൽ 59 സംവത്സരങ്ങൾ പിന്നിടുന്ന ഈ നാളുകളിൽ നന്ദിയോടെ സ്മരിക്കുന്നു. ദൈവം നൽകിയ കൃപാവരങ്ങളെ ഓർത്തും, നാഥൻ നടത്തിയ വഴികളെ ഓർത്തും ഒരായിരം സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നു. നമ്മോടൊപ്പം ഈ സ്ഥാനത്തേക്ക് പ്രവേശിച്ച റവ. എ.പി. ജയിക്കബ്, റവ. എൻ. ഐ. മത്തായി എന്നിവർ കർത്തൃശുശ്രൂഷയിൽ ജാഗരൂകരായി ശുശ്രൂഷയിൽ വ്യാപരിക്കുന്നു. ഒരുമിച്ച് മുട്ടുകുത്തിയ യശ്ശഃശരീരരായ റവ. കെ. എം. ഡേവിഡ്, റവ. സി. എ. കുരുവിള എന്നിവരുടെ സഖിത്വവും, സ്നേഹമസൃണമായ ശുശ്രൂഷകളും അനുസ്മരിക്കുന്നു. ത്രിയേക സത്യദൈവ തിരുനാമത്തിന് മഹത്വം കരേറ്റുന്നു. നമ്മെ എല്ലാവരെക്കുറിച്ചും ദൈവത്തിന് ഒരു ഉദ്ദേശ്യമുണ്ട്. ദൈവരാജ്യത്തിന്റെ കെട്ടുപണിയിൽ ഈ ഉദ്ദേശ്യം സാക്ഷാത്കരിക്കുന്നതിനായി ദൈവം നമ്മെ വിളിക്കുന്നു. നമ്മുടെ യോഗ്യതകളെക്കാൾ ഉപരിയായി ദൈവത്തിന്റെ കൃപയാണ് വിളിക്ക് പിന്നിലുള്ളത് എന്ന പൊരുൾ തിരിച്ചറിയുവാൻ പര്യാപ്തമായ ജീവിതാനുഭവങ്ങൾ എല്ലാവർക്കും ഭവിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

*അതുകൊണ്ട് തക്ക സമയത്ത് അവൻ നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴെ താണിരിപ്പിൻ. അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊള്ളുവിൻ. (1 പത്രൊ. 5:7)*

കൃപ നിങ്ങളെല്ലാവരോടുംകൂടി ഇരിക്കുമാറാകട്ടെ.

പുലാത്തീൻ,
28-05-2016

ഡോ. ജോസഫ് മാർത്തോമ്മാ
മെത്രാപ്പോലീത്താ